**ഇഹ്സാൻ**

# മുസ്‌ലിംകളെ തല്ലിയും തലോടിയും കോൺഗ്രസ്

ഉത്തർപ്രദേശിൽ കോൺഗ്രസ്സിന്റെ 18 വർഷക്കാലം നീണ്ട രാഷ്ട്രീയ വനവാസം ഈ തെരഞ്ഞെടുപ്പോടെ രാഹുൽ ഗാന്ധി അവസാനിപ്പിക്കുമെന്നാണ് ഏതാണ്ടെല്ലാ കോൺഗ്രസ് നേതാക്കളും വിശ്വസിക്കുന്നത്. രാഹുൽ മുഖ്യമന്ത്രി സ്ഥാനത്തേക്ക് എത്ര കണ്ട് യോഗ്യനാവുമെന്ന ചർച്ചകൾക്കും ഇവർ തുടക്കം കുറിച്ചുകഴിഞ്ഞു. രാഹുലിന് അൽപം പരിചയക്കുറവുണ്ടെന്നേയുള്ളൂ, ആൾ മിടുക്കനാണെന്നാണ് മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത്. ദൽഹിയോടു ചേർന്ന യു.പിയുടെ വടക്കൻ അതിർത്തിയിലൂടെ നടത്തിയ റോഡ്ഷോ രാഹുൽ ഗാന്ധിയുടെ മാസ്മരികത വെളിവാക്കിയെന്നും ഗാന്ധി കുടുംബത്തിന്റെ അടുത്ത വീരപുത്രൻ രാഷ്ട്രത്തെ സേവിക്കാനായി രംഗത്തിറങ്ങിക്കഴിഞ്ഞെന്നും മാധ്യമ ഗോസിപ്പുകളിലുണ്ട്.

അധികാരകേന്ദ്രങ്ങൾക്ക് ജയജയ പാടാൻ വിധിക്കപ്പെട്ട ഉത്തരേന്ത്യൻ മാധ്യമങ്ങളുടെ ദയനീയതക്കപ്പുറം ഇതിലെ യാഥാർഥ്യം എന്താണ്? കോൺഗ്രസ് യു.പിയിൽ തിരിച്ചുവരവിന്റെ പാതയിലാണോ? യു.പി തെരഞ്ഞെടുപ്പിനെ കുറിച്ച് ഇതെഴുതുമ്പോൾ ഒരേയൊരു അഭിപ്രായ സർവെയാണ് പുറത്തുവന്നിട്ടുള്ളത്. സി.എൻ.എൻ-ഐ.ബി.എൻ ടെലിവിഷൻ ചാനലും *ഇന്ത്യൻ എക്സ്പ്രസ്* ദിനപത്രവും ചേർന്ന് നടത്തിയ ഈ കണ്ടെത്തലനുസരിച്ച് സമാജ്‌വാദി പാർട്ടിയും ബഹുജൻ സമാജ് പാർട്ടിയും തമ്മിലാണ് യു.പിയിൽ പോരാട്ടം. ബി.ജെ.പിയും കോൺഗ്രസ്സും തമ്മിൽ മൂന്നാം സ്ഥാനത്തിനുവേണ്ടി പോരാട്ടമുണ്ടെന്ന് തോന്നുമെങ്കിലും ഇരു പാർട്ടികൾക്കും 50-ൽ താഴെ സീറ്റുകളാണ് സർവെ പ്രവചിക്കുന്നത്. കോൺഗ്രസ് ബി.ജെ.പിയേക്കാൾ 30 സീറ്റെങ്കിലും താഴെയാണ്. അതായത് നിലവിലുള്ള 15 സീറ്റിൽനിന്ന് 20 മുതൽ 30 വരെ കിട്ടിയേക്കാമെങ്കിലും നാലാം സ്ഥാനത്തുനിന്നും മുകളിലേക്ക് കയറണമെങ്കിൽ പോലും കോൺഗ്രസ് ഇനിയും എത്രയോ മടങ്ങ് അത്യധ്വാനം ചെയ്യേണ്ടതുണ്ടെന്ന് സ്പഷ്ടം. ബി.എസ്.പിയും എസ്.പിയും 150 വീതം സീറ്റുകൾ നേടുമെന്ന പ്രതീക്ഷകൾക്കിടയിലാണ് 20-ന്റെയും 30-ന്റെയും കണക്കുമായി ദേശീയ പാർട്ടികൾ ചുറ്റിത്തിരിയുന്നത്.

എന്നാൽ കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പു പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കാനായി ലഖ്നൗവിലേക്കു പുറപ്പെട്ട കേന്ദ്രമന്ത്രി കപിൽ സിബലിന് ഇക്കുറി യു.പിയിലെ ഊഴം കോൺഗ്രസ്സിന്റേതാണെന്നതിൽ ഒരു സംശയവും ഇല്ല. അടിയന്തരാവസ്ഥക്കു ശേഷം ജനങ്ങൾ കോൺഗ്രസ്സിനെ താഴെയിറക്കി. പക്ഷേ ജനതാ സർക്കാറിനെ പരീക്ഷിച്ചതിനു ശേഷം അവർ കോൺഗ്രസ്സിനെ വീണ്ടും അധികാരത്തിലേറ്റി. ബാബരിമസ്ജിദ് സംഭവത്തിനു ശേഷം കോൺഗ്രസ്സിന് ഭരണം നഷ്ടപ്പെട്ടെങ്കിലും ബി.ജെ.പിയെ കേന്ദ്രത്തിൽ പരീക്ഷിച്ച ജനങ്ങൾ വീണ്ടും കോൺഗ്രസ്സിന് അവസരം തിരിച്ചുനൽകി. യു.പിയിൽ ഈ കാലയളവിൽ ഒന്നിനു പിറകെ മറ്റൊന്നായി വിവിധ സർക്കാറുകളെ ജനം പരീക്ഷിച്ചു. ബി.ജെ.പിക്കും ബി.എസ്.പിക്കും സമാജ്‌വാദിക്കും അവർ അവസരം കൊടുത്തു. ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയരാൻ ഒരു സർക്കാറിനും ഇന്നോളം കഴിഞ്ഞിട്ടില്ല. കഴിഞ്ഞ 18 വർഷമായി ജനങ്ങൾ ഈ പരീക്ഷണം തുടരുന്നു. എങ്ങനെ നോക്കിയാലും ജനങ്ങൾക്ക് വിശ്വസിക്കാനാവുക കോൺഗ്രസ്സിനെയാണ്- അദ്ദേഹം അവകാശപ്പെടുന്നു.

ഇവിടെയാണ് രാഹുൽ ഗാന്ധി പ്രതീകമാകുന്നത്. തെരഞ്ഞെടുപ്പിനു ശേഷം കോൺഗ്രസ്സിനെ നഷ്ടപ്രതാപങ്ങളിലേക്ക് തിരികെ നയിക്കുന്നതിന് ഒരു ഗാന്ധി മതിയാകുമെന്നാണ് കോൺഗ്രസ്സിന്റെ വിശ്വാസം. ബാബരിമസ്ജിദിനെ കുറിച്ച് രാഹുൽ പറഞ്ഞ 'മൊഴിമുത്തുകൾ' മുസ്‌ലിം സമുദായത്തിന് ആവോളം മതിയത്രെ. ഇന്ദിരാ ഗാന്ധിക്കു ശേഷം ദയൂബന്തിൽ സന്ദർശനം നടത്തിയ ആദ്യത്തെ ഗാന്ധിയും രാഹുൽ ആണ്. 'ഒരർഥത്തിൽ ഞാൻ അന്ധനാണ്. എന്റെ മുന്നിൽ നിൽക്കുന്നവരുടെ ജാതിയേത് മതമേത് എന്നത് എനിക്ക് കാണാനാവുന്നില്ല. എല്ലാവരും മനുഷ്യരാണ് എന്ന് മാത്രമാണ് ഞാൻ മനസ്സിലാക്കുന്നത്' ദയൂബന്തിലെ പ്രസംഗത്തിൽ രാഹുൽ പറഞ്ഞുവത്രെ. ഗാന്ധി കുടുംബത്തിലെ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ബാബരിമസ്ജിദ് തകർക്കപ്പെടില്ലായിരുന്നു എന്ന പ്രസ്താവനയും ഈ യാത്രയിലാണ് രാഹുൽ നടത്തിയത്. ബാബരിമസ്ജിദിനകത്ത് വിഗ്രഹം കയറ്റിയപ്പോൾ ഏതു ഗാന്ധിയായിരുന്നു നാടു ഭരിച്ചതെന്നും അതിന്റെ പൂട്ടു പൊളിച്ചത് ഏതു ഗാന്ധിയുടെ കാലത്തായിരുന്നുവെന്നും ഏത് ഗാന്ധിയാണ് മസ്ജിദ് ഹിന്ദുക്കൾക്ക് തുറന്നു കൊടുത്തതെന്നും പിന്നെ ഏത് ഗാന്ധിയുടെ ഭരണത്തിനു കീഴിലാണ് മസ്ജിദ് വളപ്പിൽ രാമക്ഷേത്രത്തിന്റെ ശിലാന്യാസം നടത്തിയതെന്നും ആരും ചോദിക്കാഞ്ഞത് രാഹുലിന്റെ ഭാഗ്യം. രാഹുലിന്റെ വാക്കുകൾക്ക് ജനം എന്തു വിലകൽപിച്ചു എന്നതും ഈ നിസ്സംഗതയിൽനിന്ന് വായിക്കാനാവും.

ഒറ്റക്ക് കോൺഗ്രസ് യു.പി ജയിച്ചടക്കുമെന്നും രാഹുൽ പുതിയ പടക്കുതിരയാവുമെന്നും മനപ്പായസമുണ്ണുന്ന കോൺഗ്രസ്സുകാർ മറുഭാഗത്ത് മുസ്‌ലിംകളെ കൂട്ടത്തോടെ തിരിഞ്ഞുകുത്തിയെന്നതും കാണേണ്ടതുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 15 സീറ്റിൽ മാത്രം ജയിച്ച, 42-ൽ രണ്ടാം സ്ഥാനത്തെത്തിയ, മുന്നൂറിലേറെ സീറ്റിൽ കെട്ടിവെച്ച പണം നഷ്ടമായ കോൺഗ്രസ്സാണിത്. മുന്നണിയുണ്ടാക്കാൻ ചെന്നാൽ അവർക്ക് ഏതൊരു പാർട്ടിയും കൊടുക്കുമായിരുന്നത് ഏറിയാൽ 60 സീറ്റ്. എന്നിട്ടും മുസ്‌ലിം പിന്തുണയുള്ള മതേതര മുന്നണി 209 സീറ്റ് കോൺഗ്രസ്സിന് നൽകാൻ തയാറായി. കോൺഗ്രസ്സിന് സീറ്റ് തരാമെന്നു പറയാൻ ഇവരൊക്കെ ആരെന്നാണ് തലമൂത്ത ഒരു കോൺഗ്രസ് നേതാവ് ചോദിച്ചത്. വി.പി സിംഗും രാജ് ബബ്ബാറും രാഷ്ട്രീയത്തിൽ ഇപ്പോൾ എന്താണെന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കോൺഗ്രസ്സിന് 15 സീറ്റെങ്കിലുമുണ്ട്. ഇവർ എത്ര സീറ്റിൽ ജയിച്ചിട്ടുണ്ട്? ശരിയാണ്. ജൻമോർച്ച ഒരു സീറ്റിലും ഇതേവരെ ജയിച്ചിട്ടില്ല. എന്നുവെച്ച് അവർ രാഷ്ട്രീയശക്തി അല്ലാതാവുന്നതെങ്ങനെ? കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ ഇങ്ങനെയൊരു രാഷ്ട്രീയ പാർട്ടിക്ക് രൂപം കൊടുത്തിട്ടു പോലുമുണ്ടായിരുന്നില്ലെന്ന് പ്രായാധിക്യം മൂലം ഓർമക്കുറവുള്ള കോൺഗ്രസ് തിരിച്ചറിയുന്നില്ല. ജയിക്കുന്ന മുഴുവൻ സീറ്റുകളും കോൺഗ്രസ്സിന് നൽകണമെന്ന് വാശിപിടിച്ചാൽ എങ്ങനെയാണ് സഖ്യമുണ്ടാവുക? ജൻമോർച്ചയുടെ നീക്കം പരാജയപ്പെട്ടത് കോൺഗ്രസ്സിന്റെ ദുരാഗ്രഹം കൊണ്ട് മാത്രമായിരുന്നു.

ഒടുവിൽ ലഖ്നൗവിൽ മുസ്‌ലിം നേതാക്കളെ പ്രത്യേകം വിളിച്ചു ചേർത്ത് പുതിയൊരു ഗ്രൂപ്പിനെ ഒപ്പം നിർത്താനുള്ള ശ്രമത്തിലാണ് കോൺഗ്രസ്. അഖിലേന്ത്യാ മുസ്‌ലിം വ്യക്തിനിയമബോർഡ് അധ്യക്ഷൻ റാബിഅ് ഹസൻ നദ്‌വി അടക്കം നിരവധി പ്രമുഖരെ കോൺഗ്രസ്സുകാർ ക്ഷണിച്ചുവെങ്കിലും അഡ്രസ്സുള്ളവരാരും പോയില്ല. നദ്‌വിക്കെതിരെ പുതിയ പേഴ്സണൽ ലോ ബോർഡുണ്ടാക്കിയ ഏതാനും ഗതികിട്ടാ പ്രേതങ്ങൾ മാത്രമാണ് കപിൽ സിബലിനെ കാണാനെത്തിയത്. ഒരു രാഷ്ട്രീയക്കാരിലും തനിക്ക് വിശ്വാസമില്ലാത്തതുകൊണ്ട് ആരെയും അങ്ങോട്ടു പോയി കാണുന്നില്ലെന്ന് നദ്‌വി പിന്നീട് വിശദീകരിക്കുകയും ചെയ്തു. നദ്‌വിയെ അങ്ങോട്ടു പോയി കാണുന്നുണ്ടെന്ന് സിബൽ വ്യക്തമാക്കി. പക്ഷേ രാഷ്ട്രീയ പാർട്ടികൾ മുസ്‌ലിംകൾ ഉയർത്തിയ പ്രശ്നങ്ങളിൽ ഇത്രയും കാലം സ്വീകരിച്ച കപട നിലപാടുകളെ കുറിച്ചും നദ്‌വി സൂചിപ്പിച്ചു. പ്രധാനമായും അദ്ദേഹം ഊന്നൽ കൊടുത്തത് കോൺഗ്രസ്സിനെയായിരുന്നു. അതൊന്നും പക്ഷേ ചർമസൗഭാഗ്യം മൂലം സൽമാൻ ഖുർശിദിനും കൂട്ടർക്കും തിരിച്ചറിയാനായില്ലെന്നു മാത്രം. ■